# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4154
# 13.12.2018 ലെ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾക്ക് എം.എൽ.എ ഫണ്ട് ചെലവഴിക്കുന്നത് പോലെ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾക്ക് കൂടി എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട്, ആസ്തിവികസന ഫണ്ട് എന്നിവ നൽകുന്നതിന് നിലവിലുള്ള നിബന്ധനകൾ പരിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | • പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായാർഹമായ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിക്കും നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് 01/12/2017 ലെ സ.ഉ(പി)നം. 153/2017/ധന, 13/11/2018 ലെ സ.ഉ(പി)നം. 176/2018/ധന ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>• പ്രത്യേക വികസന ഫണ്ട് ടി പദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല.<br>• എയ്ഡഡ് സ്കൂളുകളെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി സർക്കാർ ചലഞ്ച് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.<br>• ചലഞ്ച് ഫണ്ട് പദ്ധതിയുടെ ഭാഗമായി നിയമസഭാസാമാജികർക്ക് താത്പര്യമുള്ള പക്ഷം ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് നിശ്ചിത പരിധികൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി 01/03/2018 ലെ സ.ഉ(പി)നം. 30/2018/ധന ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>• ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.<br>1. സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിന്.<br>2. ലൈബ്രറി/ലബോറട്ടറി<br>3. ഹൈടെക്/സ്മാർട്ട് ക്ലാസ്സ് റൂമുകൾ<br>4. നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങളുടെ നവീകരണം<br>5. ശുചിമുറി നിർമ്മാണം<br>6. പാചകപ്പുര/ഡൈനിംഗ് ഹാൾ<br>7. കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് |

സെക്ഷൻ ഓഫീസർ